# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം മൂന്നാം ഞായർ
### യോഹ 9,1–33

"പാപം ചെയ്യുന്നവനെ ദൈവം ശപിക്കുന്നില്ല.
മറിച്ച്, പാപം ചെയ്ത് ദൈവത്തെ നഷ്ടപ്പെടുത്തുന്നതിലൂടെയാണ്
പാപി നാശത്തിന്റെ പടുകുഴിയിലേയ്ക്ക്
വീണുപോകുന്നത്!"

ക്രിസ്തുവിനെ സ്വീകരിക്കുന്നവർ പ്രകാശത്തിലും തിരസ്കരിക്കുന്നവർ അന്ധകാരത്തിലും എത്തിചേരുന്നു. കാരണം, ഞാൻ ലോകത്തിന്റെ പ്രകാശമാണ്...

"നാളെ വരുമ്പോൾ എല്ലാവരും ഓരോ പ്ലാസ്റ്റിക് ബാഗ് കൊണ്ടുവരണം."

ടീച്ചർ കുട്ടികൾക്ക് പുതിയൊരു കളി പഠിപ്പിക്കുകയാണ്.

"ആ ബാഗിൽ നിങ്ങൾക്ക് ആരോടൊക്കെ ദേഷ്യമുണ്ടോ അവരുടെ പേരെഴുതിയ ഉരുളക്കിഴങ്ങ് കൂടെ വെക്കണം. എത്ര പേരോട് ദേഷ്യമുണ്ടോ അത്രയും എണ്ണം ഉരുളക്കിഴങ്ങുകൾ!"

കുട്ടികൾ ആകാംക്ഷയോടെ ടീച്ചറെ തന്നെ നോക്കിയിരുന്നു.

"എന്നിട്ട്, ആ ബാഗ് വരുന്ന രാഴ്ച്ചക്കാലം നിങ്ങൾ എവിടെയൊക്കെ പോകുന്നോ അവിടെയൊക്കെ കൂടെ എടുക്കണം."

കുട്ടികൾ പുതിയ കളി അംഗീകരിച്ചു. കുഞ്ഞുമനസ്സിൽ ദേഷ്യം തോന്നിയവരുടെ എണ്ണമനുസരിച്ച് കിഴങ്ങുകൾ ഇട്ട ബാഗുമായി ഒരാഴ്ച്ച ചിലവഴിച്ചു.

നിശ്ചയിച്ച ദിവസമെത്തി "എന്തായിരുന്നു മക്കളേ ദേഷ്യക്കാരുടെ പേരെഴുതിയ കിഴങ്ങുകളുമായി നടന്നതിന്റെ അനുഭവങ്ങൾ?" ടീച്ചർ ചോദിച്ചു.

ഓരോരുത്തരും അവരവർക്ക് ഉണ്ടായ ദുരനുഭവങ്ങൾ പങ്കുവെച്ചു. കൂടുതൽ ആളുകളോട് ദേഷ്യമുണ്ടായതിനാൽ കുറേയേറെ കിഴങ്ങുകൾ കരുതിയവർക്ക് യാത്രകളിൽ ബാഗിന്റെ ഭാരം അസഹനീയമായിത്തോന്നി, വളരെ ബുദ്ധിമുട്ടി. ദിവസങ്ങൾ കൊണ്ട് തന്നെ ചീഞ്ഞുതുടങ്ങിയ കിഴങ്ങുകൾ വൃത്തികെട്ട ദുർഗന്ധം പരത്തിയതിനാൽ പ്രയാസപ്പെട്ടു. എല്ലാവരും ഒരേ സ്വരത്തിൽ പരാതിപ്പെട്ടു.

ബാഗിൽ നിന്നുള്ള ബുദ്ധിമുട്ടും പ്രയാസവും കാരണം ജീവിതം തന്നെ ദുസ്സഹമായ ഒരാഴ്ച്ചക്കാലത്തെ കഥ കുട്ടികൾ പറഞ്ഞു തീർത്തു.

ടീച്ചർ പറഞ്ഞു: "മക്കളേ, ആളുകളോടുള്ള വെറുപ്പ് നമ്മുടെ മനസ്സുകളിൽ സൂക്ഷിക്കുമ്പോൾ സംഭവിക്കുന്നതും ഇത് തന്നെയാണ്. അത് നിങ്ങൾ എവിടേക്ക് പോകുമ്പോഴും നിങ്ങളുടെ കൂടെ പോരുന്നു, മനസ്സിനേറെ ഭാരമുണ്ടാക്കുന്നു. ദിവസം കൂടുന്തോറും ദേഷ്യം മനസ്സിലിരുന്ന് കെട്ട് ഹൃദയത്തെ ദുർഗ്ഗന്ധപൂരിതമാക്കുന്നു. വെറും രാഴ്ച്ചത്തേക്ക് ചീഞ്ഞ ഉരുളക്കിഴങ്ങിനെ നിങ്ങൾക്ക് കൂടെക്കൊണ്ടു നടന്ന് സഹിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ ജീവിതകാലം മുഴുക്കെ ചീഞ്ഞുനാറുന്ന ഹൃദയവുമായി എങ്ങനെ ജീവിക്കാൻ കഴിയും?!!"

ഇത് ഏതോ ധ്യാനഗുരുവിന്റെ മനസ്സിൽ വിരിഞ്ഞ കഥ മാത്രമാണ്.

പക്ഷെ, ഈ കഥയിലെ ഉരുളകിഴങ്ങ് ചുമക്കുന്ന കുഞ്ഞുങ്ങളും വചനഭാഗത്തിൽ വായിച്ച് കേട്ട ഫരിസേയരും തമ്മിൽ വലിയ അന്തരമൊന്നുമില്ല. ഹൃദയം നിറയെ ചീഞ്ഞ് നാറി ദുഷിച്ചിരിക്കുന്ന ഫരിസേയർ ക്രിസ്തുവിൽ കുറ്റമാരോപിക്കാൻ തിരിച്ചും മറിച്ചും കാര്യകാരണങ്ങൾ നിരത്തുകയാണ്. പക്ഷെ, വിചിത്രമെന്നത് ഒന്നിലും കഴമ്പില്ല.

"ഫരിസേയരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല" (യോഹ 9,16).

"അവൻെറ മാതാപിതാക്കൻമാർ പറഞ്ഞു: അവൻ ഞങ്ങളുടെ മകനാണെന്നും അവൻ അന്ധനായി ജനിച്ചു എന്നും ഞങ്ങൾക്കറിയാം. എന്നാൽ, ഇപ്പോൾ അവൻ എങ്ങനെ കാണുന്നു എന്നും അവൻെറ കണ്ണുകൾ ആരു തുറന്നു എന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. അത് അവനോടുതന്നെ ചോദിക്കുവിൻ. അവനു പ്രായം ആയല്ലോ. തന്നെക്കുറിച്ച് അവൻ തന്നെ പറയും. അവൻെറ മാതാപിതാക്കൻമാർ ഇങ്ങനെ പറഞ്ഞത് യഹൂദരെ ഭയന്നിട്ടാണ്" (യോഹ 9,20–22).

"അവനെ ശകാരിച്ചുകൊണ്ട് അവർ (ഫരിസേയർ) പറഞ്ഞു: നീയാണ് അവൻെറ ശിഷ്യൻ. ഞങ്ങൾ മോശയുടെ ശിഷ്യൻമാരാണ്. ദൈവം മോശയോടു സംസാരിച്ചുവെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, ഈ മനുഷ്യൻ എവിടെ നിന്നാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ" (യോഹ 9,21–22).

**കുരുടൻ ശാരീരിക അന്ധതയിൽ നിന്ന് ആത്മീയ അന്ധതയിലേയ്ക്ക് നടക്കുമ്പോൾ യഹൂദർ ശാരീരിക കാഴ്ച്ചയിൽ നിന്ന് ആത്മീയന്ധതയിലേയ്ക്ക് നടക്കുന്നു.**

"ദൈവം പാപികളുടെ പ്രാർഥന കേൾക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ, ദൈവത്തെ ആരാധിക്കുകയും അവൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവൻെറ പ്രാർഥന ദൈവം ശ്രവിക്കുന്നു.... തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? അവർ (ഫരിസേയർ) അവനെ പുറത്താക്കി" (യോഹ 9,31–33).

ഒരു ചെറിയ വചനഭാഗത്തിനുള്ളിൽ ഒരുപാട് തവണ ക്രിസ്തുവിനെ തള്ളിപ്പറയാനും അവനെതിരെ കുറ്റങ്ങൾ നിരത്താനും യഹുദർ പരിശ്രമിക്കുന്നു. കാരണം, അവൻ (ക്രിസ്തു) ദൈവത്തിൽ നിന്നുള്ളവനല്ല എന്ന് സക്ഷ്യപ്പെടുത്താൻ അവർ ഒരുപാട് ആഗ്രഹിച്ചിരുന്നു. രണ്ട് തരം വ്യക്തിത്വങ്ങളെ നമുക്കറിയാം. ഒന്ന്, എന്തിലും ഏതിലും നന്മ മാത്രം കാണാൻ സാധിക്കുന്നവർ. രണ്ട്, എത്ര വലിയ നന്മ പ്രവർത്തികൾ കണ്ടാലും അതിൽ തിന്മ മാത്രം കാണുന്നവർ. യോഹന്നാന്റെ സുവിശേഷത്തിലെ ഒമ്പതാം അദ്ധ്യായത്തിൽ കാണുന്ന യഹൂദരും ഫരിസേയരും ഏതു കൂട്ടരായിരുന്നു എന്നതിന് ഇനി സാക്ഷികളുടെ ആവശ്യമില്ല. ജന്മനാ അന്ധനായിരുന്ന പിറവി കുരുടനെ ദൈവം കനിഞ്ഞ് അനുഗ്രഹിച്ചിരിക്കുന്നു. എന്നിട്ടും, ദൈവം ചൊരിഞ്ഞ വലിയ അനുഗ്രഹത്തിൽ നന്മ കാണാൻ ഫരിസേയർക്കും യഹൂദർക്കും സാധിക്കുന്നില്ല. അവർ പിറവികുരുടനിലും, അവന് സൗഖ്യം നൽകിയ ക്രിസ്തുവിലും കുറ്റമാരോപിക്കാൻ പഴുതുകൾ അന്വേഷിക്കുന്നു.

"അവൻ എൻെറ കണ്ണുകൾ തുറന്നു. ദൈവം പാപികളുടെ പ്രാർഥന കേൾക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ, ദൈവത്തെ ആരാധിക്കുകയും അവൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവൻെറ പ്രാർഥന ദൈവം ശ്രവിക്കുന്നു. അന്ധനായിപ്പിറന്ന ഒരു മനുഷ്യൻെറ

കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല. ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ള വനല്ലെങ്കിൽ ഒന്നുംചെയ്യാൻ അവനു കഴിയുമായിരുന്നില്ല. അപ്പോൾ അവർ പറഞ്ഞു: തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? അവർ അവനെ പുറത്താക്കി" (യോഹ 9,30-33).

ക്രിസ്തു പിറവികുരുടന് കാഴ്ച നൽകുന്ന അൽഭുതം ആരംഭിക്കുന്നത് വലിയ ഒരു ധാർമിക പ്രശ്നം ചർച്ച ചെയ്തുകൊണ്ടാണ്. "ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവൻെറയോ ഇവൻെറ മാതാപിതാക്കൻമാരുടെയോ?" (യോഹ 9,2). പിറവികുരുടന്റെ അന്ധതയ്ക്ക് കാരണം ആരാണ് അല്ലെങ്കിൽ എന്താണ് എന്നതാണ് ക്രിസ്തുവിന്റെ അടുത്ത് അവന്റെ ശിഷ്യൻമാർ ചോദിക്കുന്ന ചോദ്യം. ഈ ചോദ്യത്തിന് ന്യായമായി നോക്കുകയാണെങ്കിൽ രണ്ട് ഉത്തരം മാത്രമാണുള്ളത്. ഒന്നുകിൽ ഈ പിറവികുരുടന്റെ, അല്ലെങ്കിൽ, പിറവി കുരുടന്റെ മാതാപിതാക്കളുടെ. രണ്ട് ഉത്തരം പറഞ്ഞാലും പ്രശ്നമാണ്. കാരണം, ഇവന്റെ പാപം മൂലമാണ് ഇവൻ അന്ധനായി ജനിച്ചത് എന്ന് പറഞ്ഞാൽ ദൈവം ശിക്ഷിക്കുന്നവനാണ്. ഇവന്റെ മാതാപിതാക്കളുടെ പാപം മൂലമാണ് ഇവൻ അന്ധനായി ജനിച്ചത് എന്ന് പറഞ്ഞാലും ദൈവം തലമുറകളെ ശിക്ഷിക്കുന്നവനാണ്. ഇവിടെയാണ്, ക്രിസ്തു യഥാർത്ഥത്തിലുള്ള ദൈവീക അറിവ് പങ്കുവയ്ക്കുന്നത്.

"യേശു മറുപടി പറഞ്ഞു: ഇവൻെറയോ ഇവൻെറ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിൻെറ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9,3).

ശിക്ഷിക്കുന്ന ദൈവമല്ല.
മറിച്ച്,
രക്ഷിക്കുന്ന ദൈവമാണ് നമുക്കുളളത്.
അതിനുവേണ്ടി സ്വജീവൻ വരെ ബലിയർപ്പിക്കാൻ അവൻ തയ്യാറാണ്!

ശിക്ഷിക്കുന്ന ദൈവത്തെ മുന്നിൽ നിർത്തി ജഢികമായ താത്പര്യങ്ങൾക്കും താൽകാലിക നേട്ടങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുന്നവരെ ഇന്ന് സഭയിലും സമൂഹത്തിലും കാണാൻ സാധിക്കും. പാപത്തിന്റെ പരിണിതഫലങ്ങൾ ശാപമായി മനുഷ്യവർഗ്ഗത്തെ പിന്തുടരും എന്നുള്ള ചിന്ത തെറ്റാണ്. വിശുദ്ധ ഗ്രന്ഥത്തെ കാച്ചികുറുക്കിയെടുത്താൽ അതിൽ നിന്നും അടർത്തിയെടുക്കാവുന്നത്, "കോപിക്കുന്നതിൽ മടിയുളളവനും ശിക്ഷിക്കുന്നതിൽ വിമുഖനുമായിട്ടുളള ദൈവത്തെയാണ്." അതുകൊണ്ടാണ് നേരത്തെ കുറിച്ച് വച്ചത്, "പാപം ചെയ്യുന്നവനെ ദൈവം ശപിക്കുന്നില്ല. മറിച്ച്, പാപം ചെയ്ത് ദൈവത്തെ നഷ്ടപ്പെടുത്തുന്നതിലൂടെയാണ് പാപി നാശത്തിന്റെ പടുകുഴിയിലേയ്ക്ക് വീണുപോകുന്നത്!"

"ദൈവത്തെ നഷ്ടപ്പെടുത്തുന്നതാണ്
യഥാർത്ഥ ശാപം!"

സങ്കീ 10,7

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**